Staff—Central and Huzur Records.

97. Mr. T. C. Iyyukutty *(Pazhanji).*—Will the Government be pleased to state the number of hands in the Central and Huzur Records, their qualifications, length of service, grade of pay and the amount of pay each draws at present?

Mr. K. P. Kannan Nayar *(Secretary to Government).*—A statement containing the information is appended *(Appendix I).*

Appointments—Secretariat, etc.—Particulars regarding.

98. Mr. T. C. Iyyukutty *(Pazhanji).*—Will the Government be pleased to state the number of hands (with their names, qualifications, posts and pay and the duration of their arrangements) entertained in the time of the present Secretary to Government:—

(1) in the Secretariat;

(2) in the Stamp Office;

(3) in the Press?

Mr. K. P. Kannan Nayar *(Secretary to Government).*—A statement containing the information is appended. *(Appendix II).*

Members—Chellanam Village Panchayat—Particulars regarding.

ൻ൯. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ:—

ക. ചെല്ലാനം വില്ലേജ് പഞ്ചായത്തിൽ ആകെ എത്ര മെമ്പർമാരുണ്ടു;

ഖ. അവരിൽ തിരഞ്ഞെടുക്കപ്പെട്ടവർ എത്രയെന്നും നോമിനേഷൻ എത്രയെന്നും പറയാമൊ;

ന. ഈ പഞ്ചായത്തുമെമ്പർമാർ ഓരോരുത്തരും ഏതേതു സമുദായത്തിൽപെട്ടവരാണ്;

ര. ഇപ്പോഴത്തെ പഞ്ചായത്തിലെ മെമ്പർമാർ ഓരോരുത്തരുടേയും കാലാവധി ക്രമപ്രകാരം ഏതേതു കൊല്ലം മാസം തിയ്യതികളിലാണു അവസാനിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

ശ. പ്രസ്തുത പഞ്ചായത്തിലെ മെമ്പർമാരിൽ ആരെങ്കിലും അവരുടെ കാലാവധിക്കു മുമ്പോ പിമ്പോ രാജിവെക്കുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ,

ന. അങ്ങിനെയുള്ള രാജിപത്രങ്ങൾ ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളെന്തെല്ലാം;

ഒ. രാജിപത്രം സമർപ്പിച്ചിട്ടുള്ള മെമ്പർമാർ ആരെല്ലാം;

വ. രാജിപത്ര സമർപ്പണത്തിനുശേഷവും അവർ മെമ്പർമാരായിത്തന്നെയിരിപ്പാൻ ഗവമ്മെണ്ടു് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെന്തെല്ലാം;

ൻ. രാജിപത്രം സമർപ്പിച്ച മെമ്പർമാർ രാജിപത്ര സമർപ്പണത്തിനുശേഷം രാജി അവരുടെ സ്വമനസ്സാലെ ചെയ്തിട്ടുള്ളതല്ലെന്നും രാജിപത്രങ്ങൾ സ്വീകാര്യമായി വിചാരിക്കരുതെന്നും മറ്റു ചില മുഷ്യന്മാരുടെ ഭയപ്പെടുത്തിയുള്ള നിർബന്ധത്താലാണെന്നും പഞ്ചായത്തു് ഡയറക്ടരവർകൾക്കും പഞ്ചായത്തു പ്രസിഡണ്ടവർകൾക്കും രാജിവെച്ച മെമ്പർമാർ എഴുതി അയച്ചിട്ടുണ്ടോ:

ഫ0. ഉണ്ടെങ്കിൽ അതുകളുടെ പകർപ്പുകൾ ഓരോ കൌൺസിലരുടെയും മേശപ്പുറത്തു വെക്കാമോ;

ഫഫ. രാജിവെച്ച മെമ്പർമാർ ചെയ്തിട്ടുള്ള മേൽപറഞ്ഞ ആക്ഷേപകൃത്യങ്ങളിൽ കൊച്ചീ കസ്ബാ പോലീസ് ഇൻസ്പെക്ടരും അന്നത്തെ കണ്ടക്കടവു ഹെഡ് കാൺസ്റ്റബിളും രാജിവെച്ച മെമ്പർമാരെ ഭയപ്പെടുത്തിയ കക്ഷികളുടെ ഭാഗം ചേർന്നു ഇവരെ കൂടുതൽ ഭയവിഹ്വലരാക്കീട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ,

ഫവ. ആ വക സംഗതികളിൽ ഗവമ്മെണ്ടു് വല്ല നടപടിയും നടത്തീട്ടുണ്ടോ;

ഫന. ഉണ്ടെങ്കിൽ ആ നടപടികൾ എന്തെല്ലാമെന്നും അവകളുടെ തീരുമാനങ്ങൾ എന്തെല്ലാമെന്നും പറയാമോ;

ഫര. യാതൊരു നടപടിയും നടത്തീട്ടില്ല എങ്കിൽ അതിനുള്ള കാരണമെന്തു്?

ഡോക്ടർ എ. ആർ. പുതുവാൾ (*Off. Director of Public Health and Panchayats*).—

ശ. അഞ്ചിൽ നാലുണ്ടു്.

ഫ. മൂന്നും ഒന്നും.

ന. ക്രിസ്ത്യാനികൾ.

ര. ഫഫനു കുംഭമാസം ഫ-ാംന-.

ശ. ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ന്യ. ഇല്ല, രാജികാര്യംകൊണ്ടും അവയെപ്പറ്റിയുള്ള റിപ്പോർട്ടുകാര്യം കൊണ്ടും സ്വീകരിക്കണമെന്നു തോന്നിയില്ല.

ൻ-ാം ചോദ്യവും അതിന്റെ മറുപടിയുംകൂടി നോക്കുക.

ഒ. (ക്ര) വലിയപറമ്പിൽ കയ്യാരി ബാപ്പു.

(ഖ) കട്ടിക്കാട്ട അവസ്തീഞ്ഞ് യാക്കോ.

(ന) എ.ലഞ്ഞിക്കൽ ഗോവിന്ദൻ ഗോവിന്ദൻ.

(ര) പാലയത്ത് തയ്യിൽ വറ്റീസ്സ് ജോസഫ്.

വ. രാജി സ്വീകരിച്ചിട്ടില്ല.

ൻ. ഉണ്ട്.

ക്കറ. ഇതിനെപ്പറ്റിയുള്ള എഴുത്തുകുത്തുകാര്യം വളരെ ഉള്ളതുകൊണ്ടു സാധിക്കുന്നതല്ല.

ക്കക. ഇല്ല.

ക്കഖ, ക്കന, ക്കർ. ഉത്തരം ആവശ്യമില്ല.

Chellanam Panchayat—Removal and Nomination of Members.

ക്കറ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ:—

ക. ചെല്ലാനം പഞ്ചായത്തിലെ ഒരു നോമിനേറ്റഡ് മെമ്പറായ മിസ്റ്റർ ഗോവിന്ദൻ മൂപ്പനെ തുടർച്ചയായി നാലഞ്ചു പഞ്ചായത്തുയോഗങ്ങളിൽ ഹാജരാകാതിരുന്നതിനാൽ അദ്ദേഹത്തെ ഒഴിവാക്കി തൽസ്ഥാനത്തു പ്രസ്തുത പഞ്ചായത്തിലെ ചിറ സംരക്ഷണ കരാറുകാരനായ സേവിയർ എന്ന ഒരാളെ നോമിനേറു ചെയ്യാൻ തൈക്കെ ഡിവിഷൻ പഞ്ചായത്തു് ഇൻസ്പെക്ടർ അവർകളും പഞ്ചായത്തു ഡയറക്ടർ അവർകളും റിപ്പോർട്ടയച്ചിട്ടുണ്ടോ;

ഖ. മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ ഒഴിച്ചുള്ള പ്രസ്തുത പഞ്ചായത്തിലെ മറെറല്ലാമെമ്പർമാരും ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവരല്ലേ;

ന. പ്രസ്തുത പഞ്ചായത്തിൽനിന്നു ചില മെമ്പർമാർ മറു ചിലരുടെ നിർബന്ധപ്രകാരമാണെങ്കിലും ക്കറക്ക വൃശ്ചികത്തിൽ രാജിപത്രം സമർപ്പിച്ചകാലം മുതൽ ഒഴിവുണ്ടാകുന്ന മെമ്പർസ്ഥാനത്തേക്കു തങ്ങളിൽനിന്നു നോമിനേറു ചെയ്യണമെന്നു കുടുംബിച്ചെട്ടി സമുദായക്കാരുടേയും ഈഴവസമുദായക്കാരുടേയും അപേക്ഷകാര്യം ഗവൺമെണ്ടിലേക്കു കിട്ടീട്ടുണ്ടോ;

ര. ഉണ്ടെങ്കിൽ പ്രസ്തുത പഞ്ചായത്തിൽ തീരെ പ്രാതിനിദ്ധ്യം സിദ്ധിക്കാത്ത മേല്പറഞ്ഞ സമുദായങ്ങളുടെ അപേക്ഷകളെപ്പറ്റി ഗവൺമെണ്ട് അനുഭാവപൂർവ്വം ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly